**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3036/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.09.2017

---

പരാമർശം:- 1. സ.ഉ(സാധാ)നം.2878/2015/തസ്വഭവ തീയതി 22.09.2015.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017 ലെ തീരുമാനം.

## ഉത്തരവ്

ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും പൊതുമരാമത്ത് വകുപ്പ്, കേരള സംസ്ഥാന വിദ്യുത്ഛക്തി ബോർഡ് എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാരെ ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 2 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാമ്പത്തിക പരിധിക്കുള്ളിലുള്ള ഇലക്ട്രിക്കൽ പ്രോജക്ടുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, അതിന് പുറത്തുള്ളതിനു നിശ്ചിത പരിധിക്കു വിധേയമായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച് മിനിട്സിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി കൺവീനറായ തദ്ദേശസ്വയം ഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും വെറ്റ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉള്ള ജില്ലകളിൽ ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ

(മറുപുറം)

പ്രോജക്ടുകൾ വെറ്റ ചെയ്യേണ്ടതാണ്. സാങ്കേതിക അനുമതി മേൽ സർക്കാർ ഉത്തരവു പ്രകാരം നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത്. വി.പി**
അണ്ടർ സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
5. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
9. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
12. തദ്ദേശസ്വയം ഭരണ(ഡി.എ) വകുപ്പ്
13. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ